**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ 2021 നവംബർ മാസത്തിൽ ഒരാഴ്ചയ്ക്കിടയിൽ അഞ്ചോളം ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021 നവംബർ മാസത്തിൽ അട്ടപ്പാടിയിൽ നാല് ശിശുമരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | സർക്കാരിന്റെ ആഭിമുഖ്യത്തിൽ നവജാതശിശുക്കൾക്കും ഗർഭിണികളായ അമ്മമാർക്കും വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വിശദ പഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; | (ബി) | അട്ടപ്പാടി മേഖലയിൽ ശിശുമരണതോത് വർദ്ധിച്ചിട്ടില്ല. സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഫലമായി മുൻവർഷത്തെ അപേക്ഷിച്ച് മരണനിരക്ക് കുറഞ്ഞു വരുന്നുണ്ട്. നിലവിലുള്ള ശിശു മരണങ്ങളെല്ലാംതന്നെ ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചതെന്ന് അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശു മരണങ്ങൾക്ക് കാരണമാകാറുണ്ട്. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. |
| (സി) | 2011 -2016 കാലഘട്ടത്തിൽ നടപ്പിലാക്കിയ സമൂഹ അടുക്കള, ജനനി ജന്മരക്ഷ ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ അട്ടിമറിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുവാനുള്ള കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | 2011-16 കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ സമൂഹ അടുക്കള, ജനനി-ജന്മരക്ഷ ഉൾപ്പെടെയുള്ള പദ്ധതികൾ അട്ടിമറിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ 182 ഊരുകളിൽ ആരംഭിച്ചിരുന്ന കമ്മ്യൂണിറ്റി കിച്ചൺ ആവശ്യമില്ലെന്ന് ഊരുകൂട്ടങ്ങൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 32 ഊരുകളിൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ 150 ഊരുകളിൽ കുടുംബശ്രീ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | ജനനി-ജന്മരക്ഷ പദ്ധതിയിൽ 693 ഗുണഭോക്താക്കൾക്ക് കുടിശിക ഉൾപ്പെടെ 83,92,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി സുഗമമായി നടന്നുവരുന്നു. |
| (ഡി) | സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നില്ല എന്നത് ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേട് കണ്ടെത്തി പദ്ധതികളുടെ പൂർണ്ണ പ്രയോജനം ആദിവാസികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | അട്ടപ്പാടിയിലെ പട്ടികവർഗക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ പൂർണതോതിൽ ആദിവാസികൾക്ക് ലഭിക്കുന്നില്ല എന്നത് ശരിയല്ല. DBT സംവിധാനം നിലവിൽ വന്നതോടെ ഗുണഭോക്താവിന് ലഭിക്കേണ്ട തുക പൂർണമായും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെ നേരിട്ട് എത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ